(ബി) ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ പുതുതായി അനുവദിച്ച കോഴ്സുകൾക്ക് എത്ര ടീച്ചിംഗ് സ്റ്റാഫിനെ പുതുതായി നിയമിക്കേണ്ടതുണ്ട് ;

(സി) ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്താത്തതെന്തു കൊണ്ടാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ ഇപ്പോൾ 57 ടീച്ചിംഗ് സ്റ്റാഫിന്റെ ഒഴിവുകളുണ്ട്.

(ബി) കോട്ടയം രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ, കമ്പ്യൂട്ടർ സയൻസിൽ 7-ഉം, എം. സി.എ. ഡിപ്പാർട്ട്മെന്റിൽ 5-ഉം കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ കമ്പ്യൂട്ടർ സയൻസിൽ 6-ഉം ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷനിൽ 6-ഉം ടീച്ചിംഗ് സ്റ്റാഫിനെ പുതുതായി നിയമിക്കേണ്ടതുണ്ട്.

(സി) നിയമനം നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

വെച്ചൂച്ചിറ ഗവ: പോളിടെക്നിക്കിന്റെ കെട്ടിട നിർമ്മാണം

138 (1448) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) റാന്നി നിയോജക മണ്ഡലത്തിലെ വെച്ചൂച്ചിറ ഗവ: പോളിടെക്നിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് പൊതുമരാമത്ത് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയറിംഗ് ഓഫീസിൽ നിന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് വഴി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുള്ളത് ;

(ബി) ഇതടങ്ങുന്ന ഫയൽ എന്നാണ് സാങ്കേതിക വിദ്യാഭ്യാസ ഡറയക്ടറേറ്റിൽ എത്തിയത് എന്ന് വ്യക്തമാക്കാമോ ;

(സി) ഒരു ഫയൽ ലഭിച്ചാൽ എത്ര ദിവസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്നുള്ളതാണ് നിലവിലുള്ള നിയമം ;

(ഡി) ഈ ഫയൽ ഇത്രയും കാലം താമസിപ്പിച്ച ഉദ്യോഗസ്ഥനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് നിലവിലുള്ള നിയമപ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ;

(ഇ) ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(എഫ്) കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെട്ടിട നിർമ്മാണത്തിനും ഹോസ്റ്റൽ നിർമ്മാണത്തിനും ആയി 3.95 കോടി രൂപയുടെ എസ്റ്റിമേറ്റാണ് ലഭിച്ചിട്ടുള്ളത്.

(ബി) 26-4-2001-ൽ

(സി) എത്ര ദിവസത്തിനുള്ളിൽ തീരുമാനം എടുക്കണമെന്ന് നിഷ്ക്കർഷിക്കുന്ന ഉത്തരവുകളൊന്നും നിലവിലില്ല.

(ഡി&ഇ) കെട്ടിട നിർമ്മാണ വിഭാഗം ചീഫ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് 26-4-2001-ൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചിരുന്നു. എന്നാൽ ഹോസ്റ്റൽ കെട്ടിടം ഉൾപ്പെടെ പണിയുന്നതിന് സ്ഥല പരിമതി ഉണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ, ഹോസ്റ്റൽ കെട്ടിടം ഒഴികെയുള്ളത് പണിയുന്നതിന് വേണ്ട റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ 26-11-2001-ലെ കത്ത് പ്രകാരം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. പക്ഷേ, രണ്ട് ഏക്കർ സ്ഥലം ലഭ്യമാക്കാമെന്ന് പഞ്ചായത്ത് അധികൃതർ സമ്മതിച്ചതായുള്ള പിന്നീട് ലഭിച്ച പോളിടെക്നിക് മേലധികാരിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഹോസ്റ്റൽ കെട്ടിടം ഉൾപ്പെടെയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങളക്ക് വേണ്ട മേൽനടപടി സ്വീകരിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെടുകയുണ്ടായി. എ.ഐ.സി.റ്റി.ഇ. നിബന്ധന പ്രകാരം ഇളവ് സ്ഥലം ലഭ്യമാക്കാത്തതാണ് കെട്ടിടം പണിയിൽ വന്നിരിക്കുന്ന കാലതാമസത്തിനുള്ള കാരണം അതിനാൽ ഇത് ഉദ്യോഗസ്ഥരുടെ വീഴ്ചയായി കരുതാവുന്നതല്ല. ഈ സാഹചര്യത്തിൽ ശിക്ഷണ നടപടികൾക്ക് പ്രസക്തിയില്ല.

(എഫ്) കെട്ടിട നിർമ്മാണ വിഭാഗം ചീഫ് എഞ്ചിനീയറിൽ നിന്നും റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭിച്ചാലുടൻ ഭരണാനുമതി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഒന്നാം വർഷ എം.ബി.ബി.എസ്. പ്രവേശനം

139 (1449) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ഒന്നാം വർഷ എം.ബി.ബി.എസ്. പ്രവേശനത്തിന് സംസ്ഥാനത്ത് എത്ര സീറ്റുകളാണ് ഉള്ളതെന്നും സർക്കാർ മേഖലയിൽ എത്രയാണെന്നും സ്വകാര്യ മേഖലയിൽ എത്രയാണെന്നും മറ്റു മേഖലകളിൽ എത്രയാണെന്നും വേർതിരിച്ച് കോളേജുതല കണക്ക് വെളിപ്പെടുത്താമോ ;

(ബി) എംബിബിഎസ് ഒന്നാം വർഷത്തേക്ക് സർക്കാർ കോളേജുകളിലേയും സ്വാകര്യ കോളേജുകളിലേയും മറ്റ് മേഖലയിലെ കോളേജുകളിലേയും ഫീസ് വിവരം കോളേജുകൾ തരം തിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly